(സി) ഈ സംഭവങ്ങളിൽ എത്ര പേർക്കെതിരെ കേസെടുത്ത് കുറ്റക്കാർക്കെതിരെ നിയമനടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ആദിവാസി കോളനിയിൽ മറ്റുള്ളവർ കടന്നുകയറി സർക്കാർ ഭൂമി കൈവശപ്പെടുത്തുന്ന പ്രവണത തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) അട്ടപ്പാടി മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി കുടുംബങ്ങൾക്ക് അന്യാധീനപ്പെട്ട എത്ര ഏക്കർ സ്ഥലം തിരിച്ചെടുത്ത് അവർക്ക് വീണ്ടും നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

വയനാട് ഗിരിധാരാ പദ്ധതി

115 (5520) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രൈബൽ മിഷന്റെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന ഗിരിധാരാ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) നടപ്പു വർഷം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രത്യേക കേന്ദ്ര സഹായം വിനിയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഗിരിധാരാ പദ്ധതി. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന പൈപ്പുജലം എത്തിക്കുന്നതിനുള്ള സാമൂഹ്യാധിഷ്ഠിത കുടിവെള്ള പദ്ധതിയാണിത്. 10-15 ശതമാനം വരെ ഗുണഭോക്തൃ വിഹിതമായി ലഭിക്കുന്ന തുക ഗുണഭോക്തൃ സമിതി മുഖേന ജോലി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കേരള സർക്കാരിന്റെ ഒരു അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ-എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. ട്രൈബൽ മിഷൻ മുഖേനയല്ല. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2002-03, 2003-04 വർഷം 12.50 കോടി രൂപ 100% അധിക കേന്ദ്ര സഹായമായി കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചതാണ്.

(ബി) പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ തുകയൊന്നും വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

(ഡി) 2010-2011 വർഷം വയനാട് ജില്ലയിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഊരു സന്ദർശന ജനസമ്പർക്ക പരിപാടി

116 (5521) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസികൾ, പട്ടിക വർഗ്ഗക്കാർ എന്നിവരുടെ പരാതി പരിഹാരത്തിന് മന്ത്രിയുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ഊരു സന്ദർശന ജനസമ്പർക്ക പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ ഊരുകളിലാണ് മന്ത്രിയുടെ നേതൃത്വത്തിൽ ജനസമ്പർക്ക പരിപാടികൾ നടത്തിയത് ;

(സി) ഇത്തരം പൊതു സമ്പർക്ക പരിപാടികളിൽ നിന്ന് ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ തുടർ നടപടികൾക്കാണ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ 4 ജില്ലകളിൽ ഊരു സന്ദർശന ജനസമ്പർക്ക പരിപാടി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ ഊരുകളിലാണ് ജനസമ്പർക്ക പരിപാടികൾ നടത്തിയത്. ഊരുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ ഊരുകളും സന്ദർശിച്ചിട്ടുണ്ട്.

(സി) പൊതുസമ്പർക്ക പരിപാടികളിൽ ലഭിച്ച പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള ഭരണ സംവിധാനം പര്യാപ്തമാകയാൽ മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

* അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly